# ചിദംബരം ഒരടി മുന്നോട്ട് മൂന്നടി പിന്നോട്ട്

**പൂനെയിൽ** നടന്ന ഭീകരാക്രമണം പതിവുദിശയിലൂടെ അന്വേഷിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഇത്തവണ ചില അസാധാരണമായ ശൈലീവിശേഷങ്ങൾ കാണാനുണ്ട്. ആരോപണങ്ങൾക്ക് കുറെക്കൂടി വിശ്വാസ്യത കൊണ്ടുവരാനുള്ള ബോധപൂർവമായ നീക്കങ്ങൾ കാണാനുണ്ട്. ചിദംബരം നിശ്ചയിക്കുന്ന ദിശയിലൂടെയല്ല മറിച്ച് എൽ.കെ അദ്വാനി പണ്ട് നിശ്ചയിച്ചുവെച്ച ദിശയിലൂടെയാണ് അന്വേഷണം മുന്നോട്ടു പോവുന്നത്. നാരായണനെ കസേരയിൽ നിന്നും തെറിപ്പിച്ചതിനു ശേഷവും ചിദംബരത്തിന് തന്റെ ഉദ്യോഗസ്ഥരുടെ മേൽ പൂർണമായ നിയന്ത്രണം ഇപ്പോഴും ഉണ്ടാക്കിയെടുക്കാനായിട്ടില്ല എന്നാണ് ഇതിന്റെയർഥം. ഭീകരാവിചാരിപ്പിന്റെ രാഷ്ട്രീയം മനസിലാക്കാൻ കഴിയുന്നവർക്ക് ആഭ്യന്തരമന്ത്രാലയവും പോലീസ് ഉദ്യോഗസ്ഥരും തമ്മിലുള്ള ഈ പോര് ഒറ്റനോട്ടത്തിൽ വേർതിരിച്ചെടുക്കാനാവും. കൂട്ടിയോജിപ്പിക്കാനാവാത്ത വിധം ചിതറിയ തുണ്ടുകളാണ് അന്വേഷണ ഉദ്യോഗസ്ഥർ വാരിയിടുന്നത്.

ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കട്ടെ. എൽ.കെ അദ്വാനി ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് ലശ്കറെ തോയ്ബ, ജയ്ശെ മുഹമ്മദ് എന്നീ സംഘടനകളുടെ പേരുകളായിരുന്നു കൂടുതലും ചർച്ച ചെയ്യപ്പെട്ടിരുന്നത്. അദ്ദേഹം സൂചന നൽകുകയും ഉദ്യോഗസ്ഥർ അതനുസരിച്ച് ഇന്ത്യൻ മുസ്‌ലിംകളെ നരവേട്ട നടത്തി ആളെയുണ്ടാക്കി കൊടുക്കുകയും ചെയ്തു. പളനിയപ്പൻ ചിദംബരം പൂണെയിൽ ഉച്ചരിച്ച നിർണായകമായ വാക്ക് പക്ഷെ ഡേവിഡ് കോൾമാൻ ഹെഡ്‌ലി എന്നായിരുന്നു. ഈ വാക്ക് പ്രതീകവൽക്കരിക്കുന്നത് പാക് കേന്ദ്രീകൃത ഭീകരവാദത്തേക്കാളുപരി അമേരിക്കൻ കേന്ദ്രീകൃത 'ഇസ്‌ലാമിക ഭീകരവാദ'ത്തെയായിരുന്നു. ഹെഡ്‌ലി ഒരേസമയം സി.ഐ.എയുടെയും അതേസമയം ലശ്കറെ തോയ്ബയുടെയും ആളായിരുന്നുവെന്ന് നിരവധി തെളിവുകൾ പുറത്തുവരികയും ചെയ്തിരുന്നല്ലോ. അമേരിക്കൻ പൗരൻ എന്ന നിലയിൽ അദ്ദേഹത്തിന് മുംബെയിലും മഹാരാഷ്ട്രയിലും നിഗൂഢമായ ചില ബന്ധങ്ങളും ശൃംഖലകളും ഉണ്ടായിരുന്നു എന്നതും വ്യക്തമാണ്. ഹെഡ്‌ലിയുമായി പൂനെ സംഭവത്തിന് ബന്ധമുണ്ടെന്ന് തോന്നത്തക്കവിധം ആഭ്യന്തരമന്ത്രി അഭിപ്രായം പറയുമ്പോൾ ഈ മൂന്ന് സാധ്യതകളും കേസ് അന്വേഷകരുടെ മുമ്പാകെ തെളിയുന്നുണ്ട്. അതായത് വ്യാജവിലാസങ്ങളിൽ അമേരിക്ക പറഞ്ഞയക്കുന്ന സി.ഐ.എ ഭീകരർ, അമേരിക്കയിലിരുന്ന് മറ്റ് രാജ്യങ്ങളുടെ ഇരട്ട ഏജന്റുമാരായി ഭീകരത വിതക്കുന്നവർ, അമേരിക്കൻ ഏജന്റിനു വേണ്ടി ഇന്ത്യയിൽ ഭീകര പ്രവർത്തനം സംഘടിപ്പിക്കുന്നവർ. ഇതിൽ ആദ്യത്തെ സാധ്യതയുണ്ടെന്ന് പരസ്യമായി വിളിച്ചു പറയാനുള്ള ആംപിയർ ഇപ്പോൾ ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന ഒരു രാഷ്ട്രീയനേതാവിനും ഇല്ല. ഏറ്റവും വലിയ സാധ്യത പലപ്പോഴും ഇതായിരിക്കാമെങ്കിൽ കൂടി. രണ്ടാമത്തെ സാധ്യതയിലേക്കും നേർക്കു

നേരെ വിരൽ ചൂണ്ടാനുള്ള ധൈര്യവും ചിദംബരത്തിനുണ്ടാവില്ല.

ഹെഡ്‌ലിയുടെ ഇന്ത്യൻ റാക്കറ്റ് എന്നു തന്നെയാവണം ചിദംബരം വ്യക്തമായി ഉദ്ദേശിച്ചിട്ടുണ്ടാവുക. ഹെഡ്‌ലിയുടെ പാകിസ്താൻ റാക്കറ്റിനെ ഈ ഘട്ടത്തിൽ ചിദംബരം കുറ്റം പറയാനിടയില്ലായിരുന്നു. ചൈനയിലേക്ക് കരമാർഗം വഴി തുറക്കുന്ന കശ്മീരിൽ ഇന്ത്യക്കും പാകിസ്താനുമിടയിലെ പ്രശ്നങ്ങൾ അവസാനിക്കണമെന്ന മോഹം കഴിഞ്ഞ എത്രയോ വർഷങ്ങളായി അമേരിക്ക പ്രകടിപ്പിക്കുന്നുണ്ട്. ഇരു രാജ്യങ്ങൾക്കുമിടയിലെ സമാധാന പാലക സംഘമായി തങ്ങൾക്ക് കശ്മീരിൽ നിലയുറപ്പിക്കാനാവുമെന്ന വ്യാമോഹവും അവർക്കുണ്ട്. ഇഷ്ടമില്ലാതിരുന്നിട്ടും ഇന്ത്യയും പാകിസ്താനും ഇടക്കിടെ സമാധാന സംഭാഷണങ്ങളിൽ ഏർപ്പെടേണ്ടി വരുന്നത് അമേരിക്കൻ നിർബന്ധം കൊണ്ടാണെന്ന ആരോപണത്തിന്റെ കാരണവും ഇതാണ്. വീണ്ടുമൊരിക്കൽ കൂടി ഇന്ത്യയും പാകിസ്താനും സന്ധിസംഭാഷണത്തിലേക്ക് നീങ്ങാനിരിക്കെ പാക് സംഘടനകൾ ഭീകരാക്രമണം നടത്തുന്നു എന്ന വാദം മുമ്പെന്നെത്തേക്കാളും ദുർബലമാവുകയാണ് ചെയ്യുന്നത്. സംഝോത്ത ആക്രമണകാലത്തും ഈ വാദം ഉന്നയിക്കപ്പെട്ടിരുന്നല്ലോ. അതെ കുറിച്ച യാഥാർഥ്യം എന്തായിരുന്നുവെന്ന് പിന്നീട് ഇന്ത്യ കണ്ടു. വസീറിസ്താനിലെയും ബലൂച്ചിസ്താനിലെയും എൻ.ഡബ്ല്യൂ.എഫ്.പിയിലെയും മിക്ക താലിബാൻ-ലശ്കർ സംഘങ്ങൾക്കും ഇന്ന് ആയുധങ്ങളും ഫണ്ടും ലഭിക്കുന്നത് അമേരിക്കയിൽ നിന്നാണെന്നത് പകൽപോലെ വ്യക്തമാണ്. അമേരിക്കൻ ആയുധങ്ങൾ ഇറാഖിലെയും അഫ്ഗാനിസ്താനിലെയും തീവ്രവാദികളുടെ കൈകളിൽ എത്തിപ്പെടുന്നുണ്ടെന്ന ആംനസ്റ്റി അന്വേഷണ കമീഷൻ റിപ്പോർട്ട് ("Blood at the Crossroads: Making the Case for a Global Arms Trade Treaty,") ഉദാഹരണം. മേഖലയിലെ അറിയപ്പെടുന്ന തീവ്രവാദികളിൽ ഒന്നുപോലും ഇന്തോ-പാക് ചർച്ചക്കെതിരെ പരസ്യമായ പ്രസ്താവനകൾ നടത്താത്തത് പ്രത്യേകം ശ്രദ്ധിക്കുക. ഒരുവേള ഹുർറിയത്ത് കോൺഫറൻസിനെ പോലും സംശയിക്കേണ്ട സാഹചര്യമാണുള്ളത്. അമേരിക്കയുടെ പൂർണമായ ചൊൽപ്പടിയിലാണ് ഈ സംഘടനകളലധികവും ഇപ്പോഴുള്ളത്.

പൂനെ സംഭവത്തെ പാകിസ്താനിലേക്ക് ചേർക്കുന്നതിനേക്കാളേറെ ഇന്ത്യൻ ഭീകരസംഘടനകളിലേക്ക് ചേർത്തുനിർത്താനാണ് ചിദംബരവും ശ്രമിച്ചത്. അദ്ദേഹത്തിന്റെ താൽപര്യം എന്തു തന്നെയും ആയിക്കൊള്ളട്ടെ, പക്ഷെ വസ്തുതാപരമായ അന്വേഷണത്തിലേക്ക് നടന്നു കയറാവുന്ന ഒരു പിടിവള്ളിയായിരുന്നു ചിദംബരം ഇട്ടുതന്നത്. സുബ്ഹാൻ ഖുറൈശി മുതൽ ശഹ്സാദ് ആലം വരെയുള്ള പതിവ് കൂലിത്തല്ലുകാരുടെയും കേട്ടതും കേൾക്കാത്തതുമായ ലശ്കർ സംഘടനകളുടെയും ബഹളത്തിനിടയിൽ ഹെഡ്‌ലിയിലേക്കും അദ്ദേഹത്തിന്റെ ഇന്ത്യൻ പിണിയാളുകളിലേക്കും നീളേണ്ടിയിരുന്ന അന്വേഷണം പാളിപ്പോവുകയാണ് ചെയ്യുന്നത്.

മുംബൈ ഭീകരാക്രമണത്തിൽ ഹെഡ്‌ലിയെ ഇന്ത്യക്കാരായ ചിലർ സഹായിച്ചിട്ടുണ്ടെന്ന് ഏതാനും ദിവസങ്ങൾക്കു മുമ്പെയായിരുന്നു ചിദംബരം പറഞ്ഞത്. ഇന്ത്യൻ മുജാഹിദീനും ദക്കാൻ മുജാഹിദീനും മറ്റും മറ്റുമായിരുന്നു ഇതെങ്കിൽ ഇങ്ങനെ പേര് പറയാതിരിക്കേണ്ട ദയനീയതയൊന്നും കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് ഉണ്ടാവേണ്ടതില്ല. അതേ ഇന്ത്യൻ സഹായികളെ കുറിച്ച സൂചനകൾ കർക്കരെയും നൽകിയിരുന്നല്ലോ. വാർത്താ ഏജൻസികളിലും ദേശീയ മാധ്യമങ്ങളിലും നിറഞ്ഞു നിൽക്കുന്ന ആർ.എസ്.എസ് താപ്പാനകൾ മൂടിവെക്കുകയും അട്ടിമറിക്കുകയും ചെയ്യുന്നത് നേർക്കുനേരെ പറഞ്ഞാൽ രാജ്യത്തിന്റെ ആഭ്യന്തരമന്ത്രിയെ ആണ്. ■